പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 135 27/06/2011-ൽ മറുപടിയ്ക്ക്

**ആദിച്ചനെല്ലൂർ ഫിഷ്ഹാച്ചറിയുടെ പുരോഗതി**

ചോദ്യം

ശ്രീ. ജി.എസ്. ജയലാൽ

മറുപടി

ശ്രീ. ഉമ്മൻചാണ്ടി

(ബഹു. മുഖ്യമന്ത്രി)

| | |
|---|---|
| (എ) ചാത്തന്നൂർ മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്ത് ചിറയിൽ ആരംഭിച്ചിട്ടുള്ള ഫിഷ്ഹാച്ചറിയുടെ പണിയുടെ പുരോഗതിയും വിശദാംശവും അറിയിക്കുമോ ; | (എ) ആദിച്ചനെല്ലൂർ ചിറയിൽ 'കാർപ്പ് സീഡ് പ്രൊഡക്ഷൻ സെന്റർ' സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള 60 ലക്ഷം രൂപയുടെ പദ്ധതിക്ക് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ. വി.വൈ) 2008-09 -ലുൾപ്പെടുത്തി അംഗീകാരം നൽകിയിരുന്നു. അതിൽ 50 ലക്ഷം രൂപ ആർ.കെ.വി.വൈ. ഷെയറും 10 ലക്ഷം രൂപ എഫ്.എഫ്.ഡി.എ. ഷെയറും ആണ്. ആർ.കെ.വി.വൈ. ഷെയർ ആയ 50 ലക്ഷം രൂപയിൽ 34 ലക്ഷം രൂപ 2008-09 ലും 16 ലക്ഷം രൂപ 2009-10 ലും അനുവദിച്ചിരുന്നു. സ്ഥലവാസികളായ രണ്ടു പേർ ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയുടെ അടിസ്ഥാനത്തിൽ ഹാച്ചറിയുടെ നിർമ്മാണ പ്രവൃത്തികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഫിഷ് ഹാച്ചറിയുടെ പണി തടസ്സപ്പെട്ടതിനാലും പദ്ധതി ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കേണ്ടതിനാലും ടി തുക പോളച്ചിറ ഫിഷ് സീഡ് ഫാമിന് വേണ്ടി ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ ; എങ്കിൽ അത് എന്താണെന്നും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടിയും അറിയിക്കുമോ ; | (ബി) തടസ്സങ്ങൾ ഉണ്ട്. ഫിഷറീസ് വകുപ്പിന്റെയും ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ സ്ഥലം എം.എൽ.എ. ആയിരുന്ന ശ്രീ. എൻ. അനിരുദ്ധൻ അവർകളുടെ അദ്ധ്യക്ഷതയിൽ സർവ്വകക്ഷി യോഗം വിളിച്ച് ചേർത്ത് പൊതു ജനങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും ശേഖരിക്കുകയും പദ്ധതിയുടെ എല്ലാ വശങ്ങളെക്കുറിച്ചും ജനങ്ങൾക്ക് ബോധ്യമാക്കി കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലവാസികളായ രണ്ടു പേർ ചേർന്ന് നിർമ്മാണം നിർത്തി വയ്ക്കുന്നതിന് ഹൈക്കോടതിയെ സമീപിക്കുകയും ബഹു. കോടതി നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേ ചെയ്തിരിക്കുകയുമാണ്. ബന്ധപ്പെട്ട കേസിൽ ഫിഷറീസ് വകുപ്പ് പ്രത്യേക താൽപ്പര്യമെടുത്ത് എതിർ സത്യവാങ്മൂലം നൽകി കേസ് നടത്തി വരികയാണ്. |
| (സി) ഹാച്ചറിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (സി) ഹൈക്കോടതി സ്റ്റേ മാറിക്കിട്ടുന്ന പക്ഷം ഫണ്ട് ലഭ്യമാക്കി ഒരു വർഷത്തിനുള്ളിൽ ടി ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ |

സെക്ഷൻ ഓഫീസർ